**പതിമൂന്നാം കേരള നിയമസഭ**
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 681 — 12.06.2013-ൽ മറുപടിയ്ക്ക്

**മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) പകർച്ചവ്യാധികളെ ഫലപ്രദമായി നേരിടാൻ ആരോഗ്യ വകുപ്പ്, ഇതര വകുപ്പുകളുമായി സഹകരിച്ച് മൂന്ന ഘട്ടങ്ങളിലായി ഈ വർഷം ജനുവരി മുതൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമഗ്ര രോഗപ്രതിരോധ നിയന്ത്രണ പരിപാടിയുടെ ഒന്നാം ഘട്ടത്തിലാണ് മഴക്കാല പൂർവ്വ ശുചീകരണം നടപ്പിലാക്കിയത്. ഈഡിസ് കൊതുകിന്റെ ഉറവിടങ്ങൾ കുടിനീക്കുന്ന രീതിയിലാണ് ഇത് നടപ്പിലാക്കിയത്. ഫെബ്രുവരി 27 ന് ബഹു. മുഖ്യമന്ത്രി മറ്റ് മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗം വിളിച്ചുകൂട്ടി പഞ്ചായത്ത് ശുചിത്വ മിഷൻ, ആരോഗ്യ വകുപ്പ് തുടങ്ങിയവ യോജിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നിർദ്ദേശിച്ചു. ഇതനുസരിച്ച് ജില്ലാതലം മുതൽ വാർഡ് തലം വരെ യോഗങ്ങൾ നടത്തി. ഇതിന് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ കൂടാതെ ആശാ, കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻകാർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ജോലിക്കാർ, പൊതുജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. |
| (ബി) മഴക്കാല രോഗ സാധ്യത കണക്കാക്കി ആവശ്യത്തിന് ജീവനക്കാരെയും മരുന്നും മറ്റ് സൗകര്യങ്ങളും ഉറപ്പ് വരുത്തിയിട്ടുണ്ടോ ; | (ബി) മഴക്കാല രോഗ സാധ്യത കണക്കാക്കി ആവശ്യത്തിന് ജീവനക്കാരെയും മരുന്നും മറ്റ് സൗകര്യങ്ങളും ഉറപ്പ് വരുത്തിയിട്ടുണ്ട്. താൽക്കാലികമായി നിയമിച്ചിരുന്ന വിവിധ വിഭാഗത്തിലുള്ള 1902 ജീവനക്കാർക്ക് 4 മാസം കൂടി കാലയളവ് നീട്ടികൊടുത്തിട്ടുണ്ട്. ആശുപത്രികളിൽ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി ഒ.പി. സമയം ദീർഘിപ്പിച്ചു. മെഡിക്കൽ കോളേജുകളിലെയും മറ്റ് സർക്കാർ ആശുപത്രികളിലേയും പനിവാർഡുകൾ പ്രവർത്തിപ്പിക്കാൻ ഡോക്ടർമാർ ഉൾപ്പെടെ 359 ജീവനക്കാരെ 4 മാസത്തേയ്ക്ക് താൽക്കാലികമായി നിയമിച്ചു. |
| (സി) എൻ. ആർ. എച്ച്. എം. ജീവനക്കാരെ സർക്കാർ ജീവനക്കാരായി മാറ്റാൻ നടപടി സ്വീകരിക്കുമോ? | (സി) തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ